**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **24-06-2024 - ൽ മറുപടിയ്ക്ക്**

**കലാകാരൻമാർക്കായി സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കലാകാരൻമാർക്കായി സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിന്റെ രണ്ടാം ഘട്ട നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ കലാകാരൻമാരുടെ സഹകരണ സംഘം 15.02.2022-ന് രജിസ്റ്റർ ചെയ്യുകയുണ്ടായി. 25.03.2022-ൽ ആദ്യ പൊതുയോഗം കൂടി സംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സഹകരണ സംഘത്തിൽ ഏതൊക്കെ മേഖലയിലെ കലാകാരൻമാരെയാണ് ഉൾപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | സംഗീതം, നാടകം, പ്രകടനകലകൾ എന്നിവ അവതരിപ്പിക്കുന്ന സംസ്ഥാനമൊട്ടാകെയുള്ള കലാകാരൻമാരുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കിയാണ് സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി കലാകാരൻമാരുടെ സഹകരണസംഘം രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ